പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2161 — 11.03. 2020 ൽ മറുപടിക്ക്

## ഇ-സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചോദ്യം

ശ്രീ.മുഹമ്മദ് മുഹസിൻ പി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇ-സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ അശ്രദ്ധയും, അജ്ഞതയും മൂലമാണ്. കൂടാതെ ഒരേ കാരണത്താൽ ഉണ്ടാകുന്ന അപകടങ്ങളാണധികവും. കാലഹരണപ്പെട്ട വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങളും കൂടുതലാണ്. ഇതിന്റെ തോത് കുറച്ചുകൊണ്ടുവരുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ കാലഹരണപ്പെട്ട വയറിംഗ് മാറ്റി സ്ഥാപിക്കുകയും ആയതു വഴി വൈദ്യുത അപകടങ്ങൾ കുറയ്ക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉടനീളം പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കെ.എസ്.ഇ.ബി.എൽ എന്നിവ സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്നവരും പൊതുജനങ്ങളുമാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. |

സെക്ഷൻ ഓഫീസർ